# പതിമൂന്നു ഭാര്യമാർ

## സ്റ്റീവെൻ മിൽഹൌസെർ

(വിവർത്തനം: പ്രൊഫസ്സർ കുഞ്ഞാപ്പു, D.Sc., Ph.D.)

## അവസാന ഭാഗം 6/6

മുൻഭാഗങ്ങൾക്കുള്ള ലിങ്കുകൾ ഒടുവിൽ

## 12

എന്റെ പന്ത്രണ്ടാമത്തെ ഭാര്യ ഒരു തിരസ്കരണിത്തരുണിയെന്ന് ഞാൻ പറയുന്നതിനു കാരണമുണ്ട്: ഞങ്ങൾക്കിടയിൽ സംഭവിക്കാത്ത എല്ലാറ്റിന്റെയും ആകെത്തുകയാണ് അവൾ. ഒരു വേനൽ രാവിൽ തടാകതീരത്തുള്ള ആൾതിങ്ങിയ മുറിയിൽ പാർട്ടി നടക്കവേ അതിനുള്ളിൽ കടന്ന് ഞാൻ അവളുടെ അരികത്തിരുന്നില്ല. തുടയിൽ കാൽ കയറ്റിവെച്ച് മന്ദസ്മിതത്തോടെ വറുത്ത ഉരുളക്കിഴങ്ങുതുണ്ടുകൾ എടുത്തുതടവി അവൾ ഇരിക്കുമ്പോൾ, എന്റെ മുഖം കുനിച്ച് അവളിലേക്ക് പതുക്കെ പതുക്കെ നീങ്ങി ദ്വയാർത്ഥം സ്ഫുരിക്കുന്ന നീണ്ട സംഭാഷണത്തിൽ ഞാൻ ഏർപ്പെട്ടില്ല. ആ രാത്രി കൈകൾ കോർത്ത് താരാപഥങ്ങൾക്ക് പുതിയ പേരുകൾ ചാർത്തി, ചിരിച്ചട്ടഹസിച്ച് ഞങ്ങൾ നടന്നില്ല. ജൂലായ് മാസത്തിൽ, പച്ചപിടിച്ച കുന്നിൻ ചെരുവുകളിലെ വളഞ്ഞു പുളഞ്ഞ വഴികളിലൂടെ, ചുവന്ന ഓടിട്ട മേൽക്കൂരകൾ ചൂണ്ടിക്കാട്ടി, ജെനീവത്തടാകത്തിലെ മിനുപ്പുള്ള ജലവിതാനവും കിലോന കൊട്ടാരത്തിലെ ഇരുണ്ട ഗോപുരങ്ങളും ദൃശ്യമാകുന്ന ഒരു പ്രമുഖ ഹോട്ടലിലേക്ക് സൂറിച്ച് വിമാനത്താവളത്തിൽനിന്നും ഓടിച്ചു പോകാൻ ഞങ്ങൾ ഒരു ഓപെൽ കാർ വാടകയ്ക്കെടുത്തില്ല. ആഗസ്റ്റിലെ ഒരു രാത്രി, വിനോദപ്പാർക്കിൽ, വെള്ളക്കടിഞ്ഞാണും സ്വർണ്ണരോമങ്ങളുമുള്ള ഒരു ചുവന്ന കുതിരപ്പുറത്ത് പൊന്തിയും വീണും കറക്കുയന്ത്രത്തിലെ ഈണങ്ങളിൽ മുങ്ങുന്ന ചിരിയുമായി അവൾ തല പിന്നോക്കം ആയുന്നത് ഒരു നീലക്കുതിരപ്പുറത്തിരുന്ന് ഞാൻ വീക്ഷിച്ചില്ല. സമൃദ്ധമായ ഒരു രൂപകല്പനയുടെ പ്രതിലോമകം നിർമ്മിച്ച് നിഷേധാത്മകത ത്വരിതം

പെരുകുന്നു.  സാധിതജീവിതങ്ങളുടെ സങ്കുചിത പരിധിക്കപ്പുറം ആടിത്തീരാത്ത ഞങ്ങളുടെ ചരിതം അതിരു മുറിച്ച് വളരുന്നു.  കാലം ഞങ്ങളെ ഉൾക്കൊള്ളാത്തതുകൊണ്ട് ഞങ്ങൾക്ക് സമാപിക്കുവാനാകില്ല. ഞങ്ങളുടെ നിരാസാംശങ്ങളുടെ ആത്മകഥ ഫലശൂന്യതയുടെ അചഞ്ചലമായ അടിത്തറയിൽ വിശ്രമിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് മാറ്റത്തിനു വിധേയരാകാനും കഴിയില്ല.  ഞങ്ങൾ, ഞങ്ങളിരുവരും, നശ്വരതയ്ക്കപ്പുറമാകുന്നു.  എല്ലാ കാമുകീകാമുകന്മാരും ഞങ്ങളെ അസൂയപ്പെടുന്നു.

# 13

ഒരർത്ഥത്തിൽ, എന്റെ പതിമൂന്നാമത്തെ ഭാര്യയെ ഞാൻ കണ്ടിട്ടുപോലുമില്ല. അവളുടെ രോമനിബിഢമായ കോളറുള്ള വിന്റർകോട്ട് അഴിച്ചുവെക്കാൻ ഞാൻ സഹായിക്കുകയെന്നു വിചാരിക്കൂ; അവളുടെ വിളറിയ മഞ്ഞത്തലമുടി സ്വെറ്ററിലെ വെള്ളക്കമ്പിളിയിലേക്ക് പൊങ്ങിവീഴുന്നതും നോക്കി ഞാൻ അവളുടെ പച്ചക്കണ്ണുകളിൽ നിന്നും ദൃഷ്ടിയകറ്റുകയാണെന്നും കരുതൂ; അപ്പോൾ, എന്റെ നോട്ടം അവളുടെ മുഖത്തേക്കു മടങ്ങവേ, അവളുടെ ഐശ്വര്യപൂർണ്ണമായ തവിട്ടുനിറമുള്ള കണ്ണുകളും കടുംചുമപ്പ് ബ്ലൌസും കറുത്ത മഹാഗണി നിറത്തിലുള്ള മുടിയുടെ കെട്ടുപിണച്ചിലും ആസ്വദിച്ച് ഞാൻ മതി മറന്നിരിക്കും.  ഒരു നിമിഷത്തിനുള്ളിൽ ക്ലോസെറ്റിൽ നിന്നും മടങ്ങവേ, കൃഷ്ണമണിക്കു ചുറ്റും മഞ്ഞക്കറുപ്പു പുള്ളികളുള്ള, ദൈന്യതപൂണ്ട അവളുടെ ചാരവർണ്ണ നയനപാളികൾ എന്നെ ദിവാസ്വപ്നത്തിലാഴ്ത്തും.  പരവതാനിയിലൂടെയുള്ള ഒറ്റ നടത്തത്തിൽ മിന്നിയൊഴുകുന്ന ഇറുകിയ കറുത്ത നൈലോൺ അടിവസ്ത്രത്തിലൂടെ കാൽവണ്ണയും, ഓറഞ്ചും വെള്ളയും കലർന്ന, മുകളിൽ ഒന്നു മടക്കി വെച്ച മുട്ടു മുട്ടുന്ന വരയൻ സോക്സും, ഇറ്റലിയിൽ നിന്നും ഇറക്കുമതി ചെയ്ത റോസു നിറത്തിലുള്ള സിൽക്ക് സ്റ്റോക്കിങ്സും, മുകളിലേക്കു ചുരുട്ടി വെച്ച ചായം തൂവിയ ജീൻസും അവൾ പ്രദർശിപ്പിക്കും.  അപ്പോൾ, അവളുടെ ഓരോ കഴുത്തുവെട്ടിപ്പും ഒരു പുത്തൻ രേഖാചിത്രം തുറന്നുകാട്ടും, കണങ്കയ്യിന്റെ ഓരോ ചലനവും ഒരു പുതിയ ഹസ്തം ആലേഖനം ചെയ്യും. തുടരെത്തുടരെ പരിവർത്തനം ചെയ്യുന്ന എന്റെ പതിമൂന്നാമത്തെ ഭാര്യയുടെ അവസ്ഥ, തീർച്ചയായും, സ്വയം വഞ്ചിക്കുന്ന ഏതോ പ്രകൃതത്തിൽനിന്നും ഉടലെടുത്തതായിരിക്കണം.  ഇവയ്ക്കോരോന്നിനുമുള്ള ഉത്തരവാദിത്വത്തിൽ

നിന്നും ഒഴിഞ്ഞുമാറാനുള്ള ശ്രമത്തിൽ അവൾ തുടർച്ചയായി പുതിയ പ്രതിച്ഛായകൾ വാർക്കുകയായിരിക്കാം. എന്നാൽ ഞാൻ മറ്റൊരു രീതിയിലാണ് ഇതിനെ വിശദീകരിക്കുക. അവളുടെ ഉടയാടകളും, അവളുടെ അംഗവിക്ഷേപങ്ങളും, അവളുടെ മുഖഭാവങ്ങളും, എല്ലാം എനിക്ക് പരിചിതം തന്നെ. എന്നാൽ, ചിലപ്പോൾ ആ ഓർമ്മ ശിരസ്സിനകത്തെ ഒരു തരം വിളറിയ കമ്പനമായേ എനിക്ക് അനുഭവപ്പെടൂ. അവളുടേതല്ലാത്ത അനന്ത ഭൂതകാലം സ്മരണയിൽ ഉണർത്തൽ എന്റെ പതിമൂന്നാമത്തെ ഭാര്യയുടെ സവിശേഷ വിധിയാണ്.
പരസ്ത്രീകളെക്കുറിച്ചുള്ള എന്റെ ഓർമ്മകളുടെ സൃഷ്ടിയാണ് അവൾ. അവളെ കാണുകയെന്നതു തന്നെ ഒരു അനുഭവമാണ്. കഷ്ടിച്ചുമാത്രം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പലയിടങ്ങളിൽ കണ്ട സ്ത്രീമുഖങ്ങൾ: പൊതു പാർക്കുകളിൽ, തിരക്കേറിയ ബസ്സ് ടെർമിനലുകളിൽ. തുറസ്ഥല റെസ്റ്റോറന്റുകളിലെ തുണിപ്പന്തലുകൾക്കുള്ളിലെ കാരിരുമ്പു കസേരകളിൽ ഇരിക്കുന്ന പാതിമാത്രം കണ്ണിൽപ്പെട്ടവർ. ചുട്ടുപൊള്ളുന്ന വേനൽരാവുകളിൽ ചെറുപട്ടണങ്ങളുടെ ഉപാന്തങ്ങളിൽ ഐസ്ക്രീം സ്റ്റാന്റുകളിലെ വരിയിൽ കാത്തിരിക്കുന്നോർ. വെയിലും തണലും തുള്ളുന്ന ഓളത്തിൽ നഗരപ്രാന്തത്തിലെ ഫുട്ട്പാത്തുകളിലൂടെ കടന്നുപോയ എല്ലാ പെണ്ണുങ്ങളും. തിരക്കുള്ള ഡിപാർട്ടുമെന്റ് സ്റ്റോറുകളിലെ തിളങ്ങുന്ന കറുത്ത എസ്കലേറ്ററുകളിലൂടെ എന്നെ വെട്ടിച്ച് കടന്നുപോയ, ഒന്നു നോക്കുകമാത്രംപോലും ചെയ്യാത്ത സ്ത്രീകൾ. ലൈബ്രറികളിലെ അലമാരികളിൽ പുസ്തകങ്ങൾക്കായ് കയ്യെത്തിക്കുന്ന നിശ്ശബ്ദത്തരുണികൾ. മാളുകളിലെ ആകാശവിതാന വെളിച്ചത്തിനു കീഴെ ബെഞ്ചുകളിൽ ഏകയായി ഇരിക്കുന്നോർ. ഹൈസ്കൂളിന്റെ വരാന്തകളിൽ അന്തർദ്ധാനം ചെയ്ത എത്ര പെൺകുട്ടികൾ. മനസ്സിൽനിന്നും മറഞ്ഞ കാഴ്ച്ചബംഗ്ലാവുകളിലെ എണ്ണച്ഛായാചിത്രങ്ങളിലെ പൂങ്കാവനങ്ങളിൽ വീതികൂടിയ അരികുകളുള്ള തൊപ്പി ധരിച്ച് നിശ്ചേഷ്ടരായി നിൽക്കുന്ന യുവതികൾ. പഴയ സിനിമകളിൽ ഏകാന്തമായ ഹോട്ടൽ മുറികളിൽ നീളൻ പാവാടയും കഴുത്തോളം മുട്ടുന്ന ബ്ലൌസുമിട്ട് സ്യൂട്ട്കേസുകൾ ഒതുക്കിനിറയ്ക്കുന്ന സ്ത്രീകൾ. ഓർമ്മയിൽ മങ്ങിത്തുടങ്ങിയ തീവണ്ടി സ്റ്റേഷനുകളിൽ കണ്ണുകളുയർത്തി വണ്ടി പുറപ്പെടുന്ന സമയത്തിനായി കണ്ണുയർത്തി നോക്കിയ, നിഴലായി മാറിയ അംഗനമാർ. കാഴ്ചയിൽ നിന്നും പട്ടണങ്ങൾ ലയിച്ചു മറയാൻ തിരക്കിട്ടോടുന്ന വിളറിയ തീവണ്ടികളിൽ അർദ്ധനിദ്രാവസ്ഥയിൽ ചാരിയിരിക്കുന്നോർ. എന്റെ പതിമൂന്നാമത്തെ ഭാര്യ യഥേഷ്ടയും അഗോചരയുമാണ്. അപ്രത്യക്ഷീകരണ പ്രക്രിയയിൽ മാത്രമേ അവൾക്ക് അസ്തിത്വമുള്ളൂ. ഈ കാലാതീതമായ സർവ്വനാശീയകതയാണ് അവളുടെ പരമോന്നത ശക്തി. എന്തെന്നാൽ,

അസ്തിത്വമില്ലായ്മ അവളുടെ അന്ത:സാരം വർദ്ധിപ്പിക്കുന്നു. ഏതെങ്കിലും ഒരു സ്ത്രീയാകാൻ വിസമ്മതിക്കുക മൂലം അവൾ ഒരു സ്ത്രീവൃന്ദമായിരിക്കുന്നു. എല്ലായ്പ്പോഴും മറ്റൊരുവളായ എന്റെ പതിമൂന്നാമത്തെ ഭാര്യയെ എനിക്കു പ്രാപ്യമല്ലെങ്കിലും ഈ ഒഴിഞ്ഞുമാറൽ അവളുടെ മഹാമനസ്കതയാണ്. അവൾ എനിക്കു തന്ന ഈടുറ്റ മറ്റനുഗ്രഹങ്ങൾക്ക് ഞാൻ കടപ്പെട്ടിരിക്കുന്നു: സ്മൃതികളുടെ വരദാനത്തിന്. കാമിതനാകാനുള്ള കൃപയ്ക്ക്. വിസ്മിതങ്ങളുടെ പ്രസാദങ്ങൾക്ക്.

***(Copyright © 2013 by Steven Millhauser***
***Reprinted by permission of ICM Partners)***

***********************************************************************************************************

മുൻഭാഗങ്ങൾക്കുള്ള ലിങ്കുകൾ:

ഭാഗം 1:

https://joychenputhukulam.com/newsMore.php?newsId=71772&content=%E0%B4%AA%E0%B4%A4%E0%B4%BF%E0%B4%AE%E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81%E0%B4%AD%E0%B4%BE%E0%B4%B0%E0%B5%8D%E0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E2%80%8D_-_%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%B4%B5%E0%B5%86%E0%B4%A8%E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E0%B4%B8%E0%B5%86%E0%B4%B0%E0%B5%8D%E2%80%8D_(%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0%B5%8D%E2%80%8D%E0%B4%A4%E0%B5%8D%E0%B4%A4%E0%B4%A8%E0%B4%82

ഭാഗം 2:

https://joychenputhukulam.com/newsMore.php?newsId=71810&content=%E0%B4%AA%E0%B4%A4%E0%B4%BF%E0%B4%AE%E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81_%E0%B4%AD%E0%B4%BE%E0%B4%B0%E0%B5%8D%E0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E2%80%8D_-_%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%B4%B5%E0%B5%86%E0%B4%A8%E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E0%B4%B8%E0%B4%B0%E0%B5%8D%E2%80%8D_(%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0%B5%8D%E2%80%8D%E0%B4%A4%E0%B5%8D%E0%B4%A4%E0%B4%A8%E0%B4%82_%E0%B4%AD%E0%B4%BE%E0%B4%97%E0%B4%82-2:_%E0%B4%AA%E0%B5%8D%E0%B4%B0%E0%B5%86%E0%B4%BE%E0%B4%AB%E0%B4%B8%E0%B5%8D%E0%B4%B8%E0%B4%B0%E0%B5%8D%E2%80%8D_%E0%B4%95%E0%B5%81%E0%B4%9E%E0%B5%8D%E0%B4%9E%E0%B4%BE%E0%B4%AA%E0%B5%8D%E0%B4%AA%E0%B5%81,_D.Sc.,_Ph.D.)

ഭാഗം 3:

https://joychenputhukulam.com/newsMore.php?newsId=71850&content=%E0%B4%AA%E0%B4%A4%E0%B4%BF%E0%B4%AE%
E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81_%E0%B4%AD%E0%B4%BE%E0%B4%B0%E0%B5%8D%E
0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E2%80%8D_-
_%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%B4%B5%E0%B5%86%E0%B4%A8%
E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E
0%B4%B8%E0%B5%86%E0%B4%B0%E0%B5%8D%E2%80%8D_(%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0
%B5%8D%E2%80%8D%E0%B4%A4%E0%B5%8D%E0%B4%A4%E0%B4%A8%E0%B4%82_%E0%B4%AD%E0%B4%BE%E0
%B4%97%E0%B4%82_3:_%E0%B4%AA%E0%B5%8D%E0%B4%B0%E0%B5%86%E0%B4%BE%E0%B4%AB%E0%B4%B8%E
0%B5%8D%E0%B4%B8%E0%B4%B0%E0%B5%8D%E2%80%8D_%E0%B4%95%E0%B5%81%E0%B4%9E%E0%B5%8D%E0
%B4%9E%E0%B4%BE%E0%B4%AA%E0%B5%8D%E0%B4%AA%E0%B5%81,_D.Sc.,_Ph.D.)

ഭാഗം 4:

https://joychenputhukulam.com/newsMore.php?newsId=71918&content=%E0%B4%AA%E0%B4%A4%E0%B4%BF%E0
%B4%AE%E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81_%E0%B4%AD%E0%B4
%BE%E0%B4%B0%E0%B5%8D%E0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E
2%80%8D_(%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%
B4%B5%E0%B5%86%E0%B4%A8%E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B
2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E0%B4%B8%E0%B5%86%E0%B4%B0%
E0%B5%8D%E2%80%8D-
_%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0%B5%8D%E2%80%8D%E0%B4%A4%E0
%B5%8D%E0%B4%A4%E0%B4%A8%E0%B4%82

ഭാഗം 5:

https://joychenputhukulam.com/newsMore.php?newsId=71955&content=%E0%B4%AA%E0%B4%A4%E0%B4%BF%E0%B4%AE
%E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81%E0%B4%AD%E0%B4%BE%E0%B4%B0
%E0%B5%8D%E0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E2%80%8D_-
%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%B4%B5%E0%B5%86
%E0%B4%A8%E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B2%E0%B5%8D%E2%80%8D%
E0%B4%B9%E0%B5%97%E0%B4%B8%E0%B5%86%E0%B4%B0%E0%B5%8D%E2%80%8D_(%E0%B4%B5
%E0%B4%BF%E0%B4%B5%E0%B4%B0%E0%B5%8D%E2%80%8D%E0%B4%A4%E0%B5%8D%E0%B4%A4
%E0%B4%A8%E0%B4%82:_%E0%B4%AA%E0%B5%8D%E0%B4%B0%E0%B5%86%E0%B4%BE%E0%B4%AB

%E0%B4%B8%E0%B5%8D%E0%B4%B8%E0%B4%B0%E0%B5%8D%E2%80%8D